ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതവും ഓരോ സാമ്പത്തിക വർഷവും നൽകിയ യഥാർത്ഥ തുകയും എത്ര വീതമാണെന്നത് ജനറൽ, എസ്.സി.പി., റ്റി.എസ്.പി., ധനകാര്യ കമ്മീഷൻ അവാർഡ് എന്നിങ്ങനെ ഇനംതിരിച്ചും ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ തിരിച്ചും ഉള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1997-1998 മുതൽ 2005-2006 വരെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ പ്ലാൻ ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതവും ഓരോ സാമ്പത്തിക വർഷവും നൽകിയ യഥാർത്ഥ തുകയും അനുബന്ധമായി കൊടുത്തിരിക്കുന്നു.†

ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ്

43 [128] *ശ്രീ. സി. എം. ജോക്കബ്:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ജോണി നെല്ലൂർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഏത് മാസം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) തിരഞ്ഞെടുപ്പിനായി പുറത്തിറക്കിയ വോട്ടർ പട്ടികയിൽ എത്ര ലക്ഷം വോട്ടർമാരാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ത്രിതല പഞ്ചായത്ത് വാർഡ് ഡീലിമിറ്റേഷൻ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കും;

(ഡി) ഈ വർഷം നടക്കുന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ ഏതെല്ലാം ജില്ലാപഞ്ചായത്തുകളിലേയും കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലേയും തിരഞ്ഞെടുപ്പുകൾ മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005 സെപ്റ്റംബർ മാസത്തിൽ നടത്തുന്നതിനാണ് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ മുന്നോടിയായി 15-6-2005-ന് കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ഡീലിമിറ്റേഷൻ പ്രക്രിയയും ഡീലിമിറ്റേഷൻ കമ്മീഷൻ പൂർത്തീകരിച്ചു വരുന്നു.

(ബി) അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) നടപടികൾ പൂർത്തിയായിട്ടില്ല. ഡീലിമിറ്റേഷൻ കമ്മീഷൻ പരാതികൾ ജില്ലകളിൽ നിന്നും ശേഖരിച്ച് പരിശോധിച്ചു വരുന്നു.

(ഡി) മാറ്റിവയ്ക്കുവാൻ ഉദ്ദേശിക്കുന്നില്ല.

മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടക

44 [129] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് വക ബിൽഡിംഗ്, കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയ്ക്ക് നൽകിയിരിക്കുന്നത് വാടക അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ മാസവാടക എത്രയാണ്;

(സി) ഇത് എത്രാം നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാടകരഹിതമായി ആണ് നൽകിയിരിക്കുന്നത്.

(ബി) ബാധകമല്ല.

(സി) 11-1-2001-ലെ 2(2)-ാം നമ്പർ തീരുമാനപ്രകാരമാണ് നൽകിയിട്ടുള്ളത്.

GPM. 2/564/2012—13

LIBRARY ARCHIVES Kerala Legislative Assembly